പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1045

08.01.2014 ൽ മറുപടിക്ക്

## ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ -7 ഉദ്ഘാടനം 2013 ഡിസംബർ 1ന് തീരുമാനിച്ചിരുന്നത് മാറ്റി വയ്ക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ; | എ) ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 7 ന്റെ ലോജിസ്റ്റിക്സ് പാർട്ട്ണറായി പ്രവർത്തിക്കുന്നതിന് കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതിയുമായി ജി.കെ.എസ്.എഫ് ഡയറക്ടർ ഒപ്പു വച്ച ധാരണാപത്രം ബഹു. കേരളാ ഹൈക്കോടതി റദ്ദു ചെയ്തതിനാലാണ് 2013 ഡിസംബർ 1ന് ഉദ്ഘാടനം നിശ്ചയിച്ചിരുന്നത് മാറ്റി വയ്ക്കാനിടയായത്. |
| ബി) 2013 ഡിസംബർ 1 ന് ആരംഭിക്കുന്നതിനായി പരസ്യ ഇനത്തിലും മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിനും എത്ര തുക ചെലവായി ; | ബി) 133 ലക്ഷം രൂപ ചെലവായി |
| സി) പ്രസ്തുത ഫെസ്റ്റിവലിലൂടെ ലക്ഷ്യമിടുന്ന ബിസിനസ്സ് പ്രമോഷൻ നടപടികൾ എന്തെല്ലാമാണ്; | സി) പ്രസ്തുത ഫെസ്റ്റിവലിലൂടെ കേരളത്തിനെ ഒരു അന്തർ ദേശീയ വ്യാപാര കേന്ദ്രമാക്കി മാറ്റുന്നതിനും കേരളത്തിലെ വ്യാപാരസ്ഥാപനങ്ങൾക്കും ഉപഭോക്താക്കൾക്കും ഓണത്തിനുശേഷം രണ്ടാമതൊരു ഷോപ്പിംഗ് സീസൺ ഒരുക്കുന്നതിനും ലക്ഷ്യമിടുന്നു. സമ്മാന പദ്ധതി മുഖേന വ്യാപാരം വർദ്ധിക്കും. കൂടാതെ, കേരളത്തിനു പുറത്തുള്ളവർക്ക് ഷോപ്പിംഗിന് വാറ്റ് റീഫണ്ട് അനുവദിച്ചിരിക്കുന്നതിനാൽ വ്യാപാരം വർദ്ധിക്കുന്നതിന് സഹായകരമായിത്തീരും. |
| ഡി) ഇതിനായി ഒരു വിഭാഗത്തെ മാത്രമായി രജിസ്ട്രേഷൻ ചുമതല ഏൽപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ? | ഡി) പത്രപരസ്യങ്ങളിലൂടെ എല്ലാ വ്യാപാരി വ്യവസായി സംഘടനകളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ച് സർക്കാരിന് ഏറ്റവും ഗുണകരമായ അപേക്ഷയാണ് തെരഞ്ഞെടുത്തത്. അതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ട ആവശ്യം വരുന്നില്ല |

സെക്ഷൻ ഓഫീസർ